"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുതിനായി ഏകോപന സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1586/2024/LSGD തീയതി,തിരുവനന്തപുരം, 24-08-2024

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19/07/2024 ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി നടന്ന യോഗതീരുമാനം

**ഉത്തരവ്**

സംസ്ഥാനത്തെ മാലിന്യ സംസ്കരണത്തിലും ശുചിത്വ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. ഉന്നത വിദ്യാഭ്യാസം, പൊതു വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം വകുപ്പ് മന്ത്രിമാരുടെ പങ്കാളിത്തത്തിൽ 22/05/2025ന് ചേർന്ന ഉന്നതതല യോഗത്തിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്ന് തീരുമാനിച്ചിരുന്നു.അതിനെ തുടർന്ന് പ്രസ്തുത പ്രവർത്തനങ്ങളുടെ തുടർനടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 19/07/2024-ന് യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യപ്രാപ്തിയിൽ സ്കൂളുകളും വിദ്യാർത്ഥികളും വഹിക്കേണ്ട പങ്ക് നിർണ്ണായകമായതിനാൽ 2024-2025 അധ്യയന വർഷം ജൂൺ മാസത്തിൽ സ്കൂളുകളിൽ ക്യാമ്പയിൻ ആരംഭിച്ചതായി പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.ജി.ഇ) അറിയിച്ചു. കൂടാതെ കഴിഞ്ഞ വർഷം ഗ്രീൻ ക്യാമ്പസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിരുന്നു, അത് പ്രധാനമായും ക്യാമ്പസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനായിരുന്നു എന്നും അറിയിച്ചു. വിദ്യാലയങ്ങളിൽ മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സാകര്യങ്ങളുടെ അഭാവം പ്രകടമാണ് എന്നും ഇതിനൊരു പരിഹാരമെന്ന നിലയിൽ, മനോഭാവ മാറ്റത്തോടൊപ്പം, ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനവുംഅനിവാര്യമാണ് എന്നും 2010-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പുൾപ്പെടെ വിവിധ വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ നിർവചിച്ചുകൊണ്ടുള്ള GO (Ms) 1081/2023/LSGD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഈ വിഷയത്തിൽ ഗൗരവമായ ചിന്തയും പ്രായോഗിക നടപടികളും സ്വീകരിക്കേണ്ടതാണ് എന്ന് യോഗത്തിൽ നിരീക്ഷിക്കപ്പെട്ടു.ഈ സാഹചര്യത്തിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകോപന സമിതി രൂപീകരിക്കുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസവകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര് | സ്ഥാനപ്പേര് | കമ്മിറ്റി ചുമതല |
|---|---|---|---|
| 1 | ശ്രീമതി.ധന്യ | ഡെപ്യൂട്ടി ഡയറക്ടർ<br>എസ് എസ്.കെ<br>പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറൽ ഓഫീസ് | കൺവീനർ |
| 2 | ശ്രീമതി. ശ്രീകല കെ. എസ് | അഡീഷണൽ സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, | അംഗം |

| | | | |
|---|---|---|---|
| | | SCERT | |
| 3 | ഡോ.രഞ്ജിത്ത് സുഭാഷ് | റിസേർച്ച് ഓഫീസർ,<br>ശുചിത്വ മിഷൻ, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് | അംഗം |

വിരമിക്കൽ/ സ്ഥലം മാറ്റം മൂലം കമ്മിറ്റിയിൽ ഒഴിവു വരുന്ന മുറക്ക് പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഡി.ജി.ഇ) ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരേണ്ടതും മാലിന്യ മുക്തം നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതും അതുവഴി ഇക്കാര്യത്തിലുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്. ക്യാമ്പയിനുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൊതുവായി വിശദമാക്കുന്ന 19/07/2024-ലെ യോഗനടപടികുറിപ്പ് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കമ്മിറ്റി അംഗങ്ങൾ
ഡയറക്ടർ ജനറൽ, പൊതു വിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
ഡയറക്ടർ, SCERT
ഡയറക്ടർ, എസ് എസ് കെ
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 24-08-2024 21:29:51
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്